"ഭരണഭാഷ – മാതൃഭാഷ"

നം:എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 17/07/2019

പ്രേഷിതാവ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ,**
തിരുവനന്തപുരം.

സ്വീകർത്താവ്

**എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും**

**എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**

**എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും**

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം-തസ്തിക നിർണയം 2019-20-സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിൽ നിന്നുള്ള 12/07/2019 ലെ ഇതേ നമ്പർ കത്ത്

സൂചന കത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന വിവരങ്ങൾ അറിയിക്കുന്നു.

1) 2019-20 വർഷത്തെ തസ്തിക നിർണയം പൂർത്തിയാക്കാൻ നിർദ്ദേശിച്ചിരുന്ന സമയ പരിധി ഇന്ന് (18/07/2019) വൈകീട്ട് 5 മണിക്ക് അവസാനിക്കുകയാണ്. 6 ജില്ലകളിൽ ഇപ്പോൾ തന്നെ അത് ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. മറ്റുള്ള ജില്ലകളിലും നാളെ (19/07/2019) ഉച്ചയ്ക്കു മുമ്പ് തസ്തികനിർണയം പൂർത്തിയാകുമെന്നുറപ്പാണ്.
2) ഇനി അവശേഷിക്കുന്ന പ്രധാന ജോലി തസ്തിക നഷ്ടമായ സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസമാണ്. 20/07/2019 ന് രാവിലെ 11 മണിക്ക് അതു പൂർത്തിയാക്കി മറ്റ് ജില്ലകളിൽ പുനർവിന്യസിക്കേണ്ടവരുടെ ലിസ്റ്റും ജില്ലയിൽ ലഭ്യമായ ഒഴിവുകളുടെ ലിസ്റ്റും ഡയറക്ടർക്ക് എത്തിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. ഇതനുസരിച്ചു തന്നെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രവർത്തനങ്ങൾക്ക് രൂപം നൽകണം.
3) 'സമന്വയ'യിൽ നിന്നു തന്നെ 'അധ്യാപക ബാങ്ക്' ലഭ്യമാകുമെങ്കിലും അത് കുറ്റമറ്റ രീതിയിൽ പ്രവർത്തനക്ഷമമാകുന്നതിന് അൽപം കൂടി സമയമെടുക്കും. ഈ വർഷം മാന്വലായി ചെയ്ത തസ്തിക നിർണയങ്ങളുടെ

വിവരങ്ങൾ കൂടി സമന്വയയിൽ ചേർത്താൽ മാത്രമേ പൂർണമായ അധ്യാപക ബാങ്ക് ജനറേറ്റ് ചെയ്യാൻ കഴിയൂ. ആയതിനാൽ വിദ്യാഭ്യാസ ജില്ലയിലെ/ഉപജില്ലയിലെ ഈ വർഷം തസ്തിക നഷ്ടമായ അധ്യാപക-അനധ്യാപകരുടെ ലിസ്റ്റ് (അധ്യാപക ബാങ്ക് 2019-20) 19/07/2019 നു തന്നെ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കൈമാറണം. 20/07/2019 ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ജില്ലയിൽ പുനർവിന്യാസം പൂർത്തിയാക്കി ലിസ്റ്റുകൾ ഡയറക്ടർക്ക് നൽകണം. അന്നേ ദിവസം തന്നെ ഇതര ജില്ലകളിലേക്കുള്ള പുനർവിന്യാസം (ആവശ്യമെങ്കിൽ) ഡയറക്ടർ പൂർത്തിയാക്കുന്നതാണ്.

4) ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ വർഷം പുറത്തായ ജീവനക്കാരുടെ സംരക്ഷണത്തിനുള്ള അവകാശം ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ അവരെ അധ്യാപക ബാങ്കിൽ ഉൾപ്പെടുത്താവൂ. അർഹതയില്ലാത്ത ഒരാളും ജില്ലയിലെ/ഉപജില്ലയിലെ അധ്യാപക ബാങ്കിൽ ഉണ്ടാകരുത്. വിദ്യാഭ്യാസ ഉപഡയറക്ടറും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം.

5) മാനേജർമാർ ആവശ്യപ്പെട്ടിട്ടുള്ള തസ്തികകളിലേക്ക് സംരക്ഷിത ജീവനക്കാരെ നൽകുന്നതിനാണ് പുനർവിന്യാസത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ മുൻഗണന നൽകേണ്ടത്. സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇത് നിർവ്വഹിക്കാവൂ. എന്നാൽ മാനേജർമാർ ആവശ്യപ്പെടുന്ന സംരക്ഷിത ജീവനക്കാരെ നൽകുന്നതിന് ഇത് ബാധകമല്ല.

6) 1:40/ഭാഷാ, സ്പെഷ്യലിസ്റ്റ്, അനധ്യാപക തസ്തികകളിൽ അനുപാതം കുറച്ച് നിലനിർത്തൽ തുടങ്ങിയവ സംബന്ധിച്ച ഉത്തരവ് ഉടൻ തന്നെ പ്രസിദ്ധീകരിക്കാനിടയുണ്ട്. ആയതിനാൽ ഇപ്രകാരം നിലനിർത്താൻ കഴിയുന്ന സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം 23/07/2019 വരെ മാറ്റി വയ്ക്കുക.

7) ഇപ്പോൾ മാന്വലായി ചെയ്ത തസ്തിക നിർണയങ്ങൾ സമന്വയയിൽ ചേർക്കുന്നതിനുള്ള മൊഡ്യൂൾ രണ്ട് ദിവസത്തിനുള്ളിൽ ലഭ്യമാക്കുന്നതാണ്. അതിനുശേഷം ജില്ലയിലെ/ഉപജില്ലയിലെ അധ്യാപക ബാങ്ക് പരിശോധിച്ച് കൺഫേം ചെയ്യാനും വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അയക്കാനും കഴിയും. പുനർവിന്യാസത്തിന്റെ വിവരങ്ങളും വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അതിൽ ചേർക്കാൻ കഴിയും. അതിനുശേഷം മാത്രമേ ഈ വർഷത്തെ അധ്യാപക ബാങ്ക് വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസിദ്ധീകരിക്കാവൂ. ഇതിനുള്ള കത്ത് പിന്നാലെ നൽകുന്നതാണ്.

തസ്തികനിർണയവും പുനർവിന്യാസവും സമയബന്ധിതമായി പൂർത്തിയാക്കാൻ ആത്മാർത്ഥമായ പരിശ്രമം ചെയ്യുന്ന ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകളിലെയും ജീവനക്കാരെയും സമന്വയ സംസ്ഥാന, ജില്ലാ നോഡൽ ഓഫീസർമാരെയും ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട്,

വിശ്വസ്തതയോടെ

**ആർ.എസ്. ഷിബു**
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി